മംഗളം

02 January 2021

# വരവായ് വീണ്ടും മത്തിക്കാലം

● ബൈജു ഭാസി/ജി. അരുൺ

കൊച്ചി/തിരുവനന്തപുരം

കേരള തീരത്തു വീണ്ടും മത്തിക്കാലം. തെക്കൻ കേരളത്തിലെ വിവിധ തീരങ്ങളിലാണ് ചെറുമത്തികളെ കണ്ടു തുടങ്ങിയതെന്ന് കേന്ദ്ര മത്സ്യഗവേഷണ കേന്ദ്രം വ്യക്തമാക്കി. എന്നാൽ, ഇവയെ ഇപ്പോൾ പിടിക്കാതിരിക്കുന്നതാണ് നല്ലതെന്നും പിടിക്കാതിരുന്നാൽ മത്തിസമ്പത്ത് വൻതോതിൽ ഉയരുമെന്നും ഗവേഷകർ പറയുന്നു. അഞ്ചു വർഷമായി കേരള തീരത്ത് മത്തിയുടെ ലഭ്യത കുറഞ്ഞിരിക്കുകയായിരുന്നു. കാലാവസ്ഥ അനുകൂലമായതാണ് ഇപ്പോൾ കൂടാൻ കാരണം.

പൂർണവളർച്ചയെത്തി പ്രത്യുൽപാദനശേഷി കൈവരിച്ച ശേഷം ഇവയെ പിടിക്കുന്നതാണ് അഭികാമ്യം. നിലവിൽ പിടിച്ചിട്ടുള്ളത് 14 മുതൽ 16 സെന്റീമീറ്റർ വരെ നീളമുള്ളവയാണ്. മൂന്നുമാസം കഴിഞ്ഞാലേ ഇവയ്ക്ക് പ്രത്യുൽപ്പാദനശേഷി കൈവരിക്കാനാകൂ. അതിനു മുമ്പ് പിടിച്ചാൽ കടലിലെ മത്തിസമ്പത്ത് കുറഞ്ഞുപോകുമെന്നും കേന്ദ്ര മത്സ്യഗവേഷണ കേന്ദ്രം വിലയിരുത്തുന്നു. ഇപ്പോൾ കാണുന്നതരം ചെറിയ മത്തികളെ പിടിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയാൽ മത്തിയുടെ തിരിച്ചുവരവ് പരമാവധി വേഗത്തിലാക്കാമെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. 10 സെന്റീ മീറ്റർ വലിപ്പമുള്ള മത്തിയെ പിടിക്കാൻ നിയമം അനുശാസിക്കുന്നുണ്ടെങ്കിലും മത്സ്യത്തൊഴിലാളികൾ തൽക്കാലം അവയെ പിടിക്കുന്നതിൽനിന്ന് വിട്ടുനിൽക്കുന്നതാണ് അഭികാമ്യമെന്ന് സി.എം.എഫ്.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം. അബ്ദുസമദും പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനവും അനിയന്ത്രിത മത്സ്യബന്ധനവുമാണ് മുൻ വർഷങ്ങളിൽ കേരളാ തീരത്ത് മത്തി കുറയാൻ കാരണം.

2019 ൽ മത്തിയുടെ ലഭ്യത കഴിഞ്ഞ ഇരുപത് വർഷത്തിനിടെയുണ്ടായ ഏറ്റവും താഴ്ന്ന നിലയിലേക്ക് കൂപ്പുകുത്തി. കഴിഞ്ഞ വർഷം 44,320 ടൺ മത്തി മാത്രമാണ് ലഭിച്ചത്. എൽനിനോ പ്രതിഭാസവുമായി ബന്ധപ്പെട്ട കടലിലെ കാലാവസ്ഥാ മാറ്റങ്ങളാണ് മത്തിയുടെ ലഭ്യത കുറച്ചത്.

അതിനിടെ, സംസ്ഥാനത്തെ അനിയന്ത്രിത മത്സ്യബന്ധനം മത്തി അടക്കമുള്ള ചെറുമീനുകളുടെ വംശനാശത്തിനു കാരണമാകുന്നതായി ആശങ്കയുണ്ട്. ചെറുമീനുകളെ കൂട്ടത്തോടെ പിടിച്ച് വളം നിർമാണത്തിനായി ഉപയോഗിക്കുന്നതാണ് മീനുകൾ കിട്ടാക്കനിയാകാൻ കാരണം.

കർശന നിയന്ത്രണം ഉണ്ടായിരുന്നെങ്കിലും വീണ്ടും മാനദണ്ഡങ്ങളെല്ലാം കാറ്റിൽപ്പറത്തി ചെറുമീനുകളെ വളർച്ചയെത്തുന്നതിനുമുന്നേ കടലിൽ നിന്നും തൂത്തുവാരിയെടുക്കുകയാണ്. മുൻപൊക്കെ വളർച്ചയെത്താത്ത ചെറുമീനുകളെ കിട്ടിയാൽ കടലിൽതന്നെ ഉപേക്ഷിക്കുകയായിരുന്നു പതിവ്.

എന്നാൽ ഇപ്പോൾ മത്തിക്കുഞ്ഞുങ്ങൾ മത്സ്യചന്തകളിലേക്ക് വ്യാപമായി എത്തുന്നുണ്ട്. തീരദേശത്ത് പരിശോധന കാര്യക്ഷമമല്ലാതായതോടെ ചെറുമീനുകൾ ടൺകണക്കിനാണ് വളം ഫാക്ടറികളിലേക്ക് കയറിപ്പോകുന്നത്.